

സംസ്ഥാന സ്കൂൾ കലോൽസവത്തോടനുബന്ധിച്ചുള്ള ഘോഷയാത്രയ്ക്കുള്ള തയാറെടുപ്പിനിടെ സെൽഫിയെടുക്കുന്ന പട്ടം മോഡൽ ഗവൺമെന്റ് എച്ച്എസ്എസ് വിദ്യാർഥികൾ. ചിത്രം. മനോരമ



സംസ്ഥാന സ്കൂൾ കലോൽസവത്തിൽ പങ്കെടുക്കാൻ തിരുവനന്തപുരം റയിൽവേ സ്റ്റഷനിലെത്തിയ കാസർകോട്ടുനിന്നുള്ള ആദ്യ സംഘത്തെ കെ.എസ് ശബരിനാഥൻ എംഎൽഎ, മേയർ വി.കെ പ്രശാന്ത് എന്നിവർ ചേർന്നുള്ള സംഘം സ്വീകരിക്കുന്നു. ചിത്രം. മനോരമ

# വർണപ്പൂക്കളും മധുരവുമായി ആദ്യസംഘത്തിന് സ്വാഗതം

തിരുവനന്തപുരം ● കൃത്യം 7.15നു കലോൽസവത്തിന്റെ ആവേശങ്ങളിലേക്ക് അവർ വന്നിറങ്ങി; കാസർകോട്ടു നിന്നുള്ള ആദ്യ വിദ്യാർഥിസംഘം. 6.30 മുതൽ തന്നെ, 'മാവേലി' എത്തുന്നതും കാത്തു റയിൽവേ സ്റ്റേഷനിൽ സ്വീകരണ കമ്മിറ്റിക്കാർ നിലയുറപ്പിച്ചിരുന്നു. മൽസരഭൂമിയിലിറങ്ങുന്ന ആദ്യ പ്രതിഭകൾക്കു സ്വാഗതമേകാൻ മേയർ വി.കെ. പ്രശാന്തും വിദ്യാഭ്യാസ മന്ത്രിയുടെ പ്രതിനിധിയായി കെ.എസ്. ശബരീനാഥൻ എംഎൽഎയും എത്തി. വെൽക്കം ബാനർ, പല വർണപ്പൂക്കൾ, മധുരം... നിറചിരിയോടെ കുട്ടികൾ.. ആരാണീ കൊച്ചു വിഐപികൾ എന്നറിയാനുള്ള ആകാംക്ഷയോടെ യാത്രക്കാരും തടിച്ചുകൂടിയപ്പോൾ സ്വീകരണം ആഘോഷമായി. മേയർക്കും എംഎൽഎയ്ക്കും സ്വീകരണം ഒരുക്കിയവർക്കും നന്ദി പറഞ്ഞ്, കാഴ്ചക്കാർക്കു നേരെ കൈകൾ വീശി 'കൊച്ചുതാരങ്ങൾ' താമസസൗകര്യം ഒരുക്കിയിട്ടുള്ള സ്കൂളുകളിലേക്കു പോയി. റയിൽവേ സ്റ്റേഷനിൽ നിന്നു കുട്ടികളെ താമസസ്ഥലങ്ങളിൽ എത്തിക്കാൻ പ്രത്യേക വാഹനങ്ങൾ ഏർപ്പെടുത്തിയിരുന്നു.

# 'തേജോമമ' പ്രാർഥനയായി; കലയ്ക്കു കൊടിയേറ്റം

തിരുവനന്തപുരം ● നല്ല കലയുടെ നാളുകൾക്കുള്ള ആഹ്വാനവുമായി സംസ്ഥാന സ്കൂൾ കലോൽസവത്തിനു കൊടിയുയർന്നു. പ്രധാന വേദിയായ പുത്തരിക്കണ്ടം മൈതാനത്തു രാവിലെ ഒൻപതരയോടെയാണു പൊതു വിദ്യാഭ്യാസ ഡയറക്ടർ എം.എസ്. ജയ കലോൽസവ പതാക ഉയർത്തിയത്. ഗവ. കോട്ടൺഹിൽ സ്കൂളിലെ കുട്ടികൾ ആലപിച്ച 'തേജോമമ' എന്നാരംഭിക്കുന്ന പ്രാർഥനാഗാനത്തോടെയാണു പുത്തരിക്കണ്ടം മൈതാനം ഉണർന്നത്. കലയുടെ നല്ല ദിവസങ്ങൾ തലസ്ഥാന നഗരിക്കു ലഭിക്കട്ടെയെന്ന് എം.എസ്. ജയ ആശംസിച്ചു. തിരുവനന്തപുരം കോർപറേഷൻ മേയർ വി.കെ. പ്രശാന്ത്, റിസപ്ഷൻ കമ്മിറ്റി കൺവീനർ എൻ.എ. സലീം ഫറൂഖി, കമ്മിറ്റി വൈസ് ചെയർമാൻ സി. അബ്ദുൽ അസീസ് എന്നിവർ പ്രസംഗിച്ചു.



സംസ്ഥാന സ്കൂൾ കലോൽസവത്തിന് ഡിപിഐ എം.എസ് ജയ പതാക ഉയർത്തുന്നു. മേയർ വി.കെ പ്രശാന്ത് സമീപം. ചിത്രം. മനോരമ



സംസ്ഥാന സ്കൂൾ കലോൽസവത്തിനു തുടക്കംകുറിച്ച് നടന്ന ഘോഷയാത്രയിൽ നിന്ന്.




സംസ്ഥാന കലോൽസവത്തിന്റെ പ്രധാന വേദിയായ പുത്തരിക്കണ്ടം മൈതാനിയിൽ തിരുവനന്തപുരത്തെ വെട്ടിമുറിച്ച കോട്ടയുടെ മാതൃകയിൽ നിർമിച്ച പ്രവേശനകവാടം. ചിത്രം. മനോരമ